"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപൊട്ടൽ ദുരന്തത്തിൽ മുഴുവൻ കുടുംബാംഗങ്ങളെയും വാഹനാപകടത്തിൽ പ്രതിശ്രുത വരനെയും നഷ്ടപ്പെട്ട കുമാരി. ശ്രുതി എസ്.-ന് വയനാട് ജില്ലയിൽ റവന്യൂ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സർവീസസ്-ഡി) വകുപ്പ്**

സ.ഉ.(കൈ) നം.145/2024/GAD    തീയതി,തിരുവനന്തപുരം, 26-11-2024

---

പരാമർശം:-

1. 23.03.2018-ലെ സ.ഉ.(കൈ)നം.71/2018/പൊ.ഭ.വ.
2. വയനാട് ജില്ലാ കളക്ടറുടെ 04.11.2024 തീയതിയിലെ DCWYD/6274/2024-A8 നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപൊട്ടൽ ദുരന്തത്തിൽ മുഴുവൻ കുടുംബാംഗങ്ങളെയും വാഹനാപകടത്തിൽ പ്രതിശ്രുത വരനെയും നഷ്ടപ്പെട്ട കുമാരി. ശ്രുതി എസ്.-ന് ജോലി നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കുമാരി. ശ്രുതി എസ്.-ന് ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള യോഗ്യതയുള്ളതായും വയനാട് ജില്ലയിൽ റവന്യൂ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവുള്ളതായും പരാമർശം (2) പ്രകാരം വയനാട് ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുമാരി. ശ്രുതി എസ്. -ന് പരാമർശം (2) പ്രകാരം വയനാട് ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള റവന്യൂ വകുപ്പിലെ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3) ഒരിക്കൽ സ്വീകരിച്ച നിയമനം അന്തിമമായിരിക്കും. നിയമനമാറ്റം അനുവദിക്കുന്നതല്ല. നേരിട്ടുള്ള നിയമനത്തിന് പാലിക്കേണ്ട സ്വഭാവ പരിശോധനയും മറ്റ് നടപടിക്രമങ്ങളും കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ വ്യവസ്ഥകളും ഈ നിയമനത്തിനും ബാധകമാണ്. നിയമനം ലഭിക്കുമ്പോൾ ഹാജരാക്കുന്ന യോഗ്യതകളോ, വസ്തുതകളോ പിന്നീട് തെറ്റാണെന്ന് തെളിഞ്ഞാൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതായിരിക്കും. കുമാരി. ശ്രുതി എസ്. ന് നിയമന ഉത്തരവ് നൽകിയ വിവരം യഥാസമയം വയനാട് ജില്ലാകളക്ടർ സർക്കാരിനെ അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

1. കുമാരി. ശ്രുതി എസ്., കുളങ്ങര അപ്പാർട്ട്മെന്റ്, അമ്പിലേരി, കൽപ്പറ്റ പി.ഒ., വയനാട്.
2. ജില്ലാ കളക്ടർ, വയനാട്.
3. ലാൻഡ് റവന്യൂ കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
5. പൊതുഭരണ (എസ്.സി.) വകുപ്പ് (03.10.2024-ലെ ഇനം നം.2439(OA) പ്രകാരം)
6. ദുരന്തനിവാരണ വകുപ്പ്

7. റവന്യൂ വകുപ്പ്
8. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Many G

Date: 27-11-2024 11:29:34

സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്